DESPATCHED
On...05/06/2020

28/2/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.2623(2)/2015/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.17760 എസ്.ഐ.സി-ജി 6/15

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.ബിജോയ്.കെ.എബ്രഹാം,
സീനിയർ ക്ലാർക്ക്, ജില്ലാ പോലീസ് ഓഫീസ്,
പത്തനംതിട്ട. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡി.വൈ.എസ്.പി (എൻ.ആർ.ഐ സെൽ),
പോലീസ് ആസ്ഥാനം, തിരുവനന്തപുരം - 695 010.

2. അപ്പീൽ അധികാരി &
പോലീസ് സൂപ്രണ്ട് (എൻ.ആർ.ഐ സെൽ),
പോലീസ് ആസ്ഥാനം, തിരുവനന്തപുരം - 695 010.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27.07.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26.08.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 19.09.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 18.11.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 20.11.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.01.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>അപ്പീൽ ഹർജിക്കാരൻ<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | <br>ഹാജരായില്ല.<br>ഹാജരായിരുന്നു. |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം വകുപ്പ് 19(3) പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ ബിജോയ്.കെ.എബ്രഹാം, 18.11.2015 ൽ സമർപ്പിച്ച അപ്പീൽ ഹർജി 20.11.2015 ൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച 6(1) അപേക്ഷയ്ക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെങ്കിലും ടി ഒന്നാം അപ്പീലിന്മേലും മറുപടി ലഭ്യമാക്കിയില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ കൃത്യമായി നൽകണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 27.07.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു.

i. 1996 ൽ പോലീസ് ഡിപ്പാർട്ടുമെന്റിൽ എൽ.ഡി.ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച ടിയാൻ 2005 ജൂൺ മാസം നടന്ന പരീക്ഷയിൽ ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് പൂർണ്ണമായും പാസ്സായിട്ടുള്ളതാണ്. യൂ.ഡി.ക്ലാർക്കായി പ്രമോഷൻ നേടുന്നതിലേക്ക് ഏത് തീയതി മുതൽ ടിയാന് അർഹതയുണ്ട് ? ഏതു തീയതിയിലാണ് യൂ.ഡി ക്ലാർക്കായി ടിയാന് പ്രമോഷൻ നൽകിയിട്ടുള്ളത്?

ii. 01.01.2004 മുതൽ 31.012.2004 വരെ പോലീസ് ഡിപ്പാർട്ടുമെന്റിൽ യൂ.ഡി ക്ലാർക്കായി പ്രമോഷൻ ലഭിച്ചവരുടെ പേര്, ജനനതീയതി/അഡ്വൈസ്/ അപ്പോയിൻമെന്റ് ഓർഡർ ഡേറ്റ്/ ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് എന്നിവ പാസ്സായ തീയതി, പ്രമോഷൻ റഗുലറൈസ് ചെയ്ത തീയതി, റഗുലറൈസ് ചെയ്ത വേക്കൻസി ആരുടേത് എന്നിവ നൽകണം. ടിയാന്മാരെ പ്രമോട്ടു ചെയ്തതിലേക്കുള്ള സെലക്ട് ലിസ്റ്റ്/ സീനിയോരിറ്റി ലിസ്റ്റിന്റെ പകർപ്പുകൾ നൽകണം. എന്നതുമായി ബന്ധപ്പെട്ട 4 വിവരങ്ങളായിരുന്നു.

4. രണ്ടാം എതിർകക്ഷി 15.12.2015 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 27.07.2015 ൽ സമർപ്പിച്ച

6(1) അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ 26.08.2015 ൽ നൽകിയെങ്കിലും ടി മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ടാണ് 19.09.2015 ൽ ടിയാൻ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. ടി അപ്പീൽ പരിഗണിച്ച് അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കാൻ ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടിന് നിർദ്ദേശം നൽകികൊണ്ട് 17.11.2015 ന് അപ്പീൽ തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു. ടി അപ്പീൽ തീർപ്പാക്കിയ അവസരത്തിൽ അപ്പീൽ ഹർജിക്കാരന് ആവശ്യമുള്ള രേഖകൾ/വിവരം നേരിട്ട് പരിശോധിച്ച് ആയതിന്റെ പകർപ്പുകൾ പരിശോധിക്കാവുനുള്ള അവസരം നൽകേണ്ടതാണെന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിൽ ഉണ്ടായ കാലതാമസം മന:പൂർവ്വമല്ലാതെ സംഭവിച്ചതാണെന്നും ആയത് മാപ്പാക്കണം എന്നുംമറ്റുമാണ്.

5. 29.01.2020 തീയതി കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്കായി ഫീസ് അടയ്ക്കാൻ നിർദ്ദേശിച്ചതനുസരിച്ച് ടിയാൻ ഫീസ് ഒടുക്കി രേഖകൾ കൈപ്പറ്റിയിട്ടുള്ളതാണെന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ടി സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION